<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത</u>

<u>നിയമസഭാ ചോദ്യം നമ്പർ : 1204</u> <u>20.01.2014 ലെ മറുപടിക്ക്.</u>

## <u>ലൈബ്രറി കൗൺസിലിന്റെ ബഡ്ജറ്റ് വിഹിതം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) |
| (എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2013-14 വർഷം പദ്ധതി ഇനത്തിലും പദ്ധതിയേതര ഇനത്തിലും എത്ര രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്; പ്രസ്തുത തുക എന്തൊക്കെ ആവശ്യത്തിന് വേണ്ടി വിനിയോഗിക്കുവാനാണ് നിർദ്ദേശം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | : (എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2013-14 വർഷം പദ്ധതി ഇനത്തിൽ 70 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 16,33,50,000/- രൂപയുമാണ് ബജറ്റിൽ വകയിരുത്തി യിരുന്നത്. ഇതിൽ പദ്ധതി ഇനത്തിൽ മോഡൽ വില്ലേജ് ലൈബ്രറി, അക്കാഡമിക് സ്റ്റഡി സെന്റർ, ജയിൽ ലൈബ്രറി സർവ്വീസ്, ജുവനൈൽ ഹോം ലൈബ്രറി സർവ്വീസ്, ഹോസ്പിറ്റൽ ലൈബ്രറി, ഓർഫനേജ് ലൈബ്രറി, ലൈബ്രറി കമ്പ്യൂട്ടർവൽക്കരണം, ഹെർമിറ്റേജ് ലൈബ്രറി എന്നീ ഇനങ്ങളും പദ്ധതി-യേതര ഇനത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്, ഓർഗനൈസേഷൻ ഗ്രാന്റ് എന്നിവയുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. |

(ബി) സർക്കാർ നിശ്ചയിച്ച് നൽകുന്ന ഗ്രാന്റ് സാമ്പത്തിക വർഷത്തിലെ ഏതൊക്കെ മാസങ്ങളിലാണ് ലൈബ്രറി കൗൺസിലിന് മുൻകാലങ്ങളിൽ നൽകി വന്നിരുന്നതെന്ന് അറിയിക്കുമോ; അതനുസരിച്ച് 2013-14 ൽ തുക കൗൺസിലിന് നൽകിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ ;

: (ബി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ഏപ്രിൽ, ജൂലൈ, ഒക്ടോബർ, ജനുവരി എന്നീ മാസങ്ങളിലാണ് മുൻ വർഷങ്ങളിൽ ഗ്രാന്റ് നൽകിയിരുന്നത്. 2012-13 കാലഘട്ടത്തിലെ പദ്ധതി/ പദ്ധതിയേതര ഗ്രാന്റ് നൽകിയിരുന്നത് ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരുന്നു. ആ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ 2013-14 വർഷത്തെ ഗ്രാന്റ് നൽകിയിട്ടില്ല.

(സി) 2013-14 ലെ ഗ്രാന്റ് ലഭിക്കുന്നതിലേക്കായി ലൈബ്രറി കൌൺസിൽ അപേക്ഷ സമർപ്പിച്ചിരുന്നുവോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ; ഗ്രാന്റ് നൽകുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനം ഗ്രാന്റ് ലഭിക്കാത്തതു മൂലം നിർജ്ജീവമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

: (സി) & (ഡി)

ലൈബ്രറി കൌൺസിൽ 2013-14 ലെ ഗ്രാന്റ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു ; അത് സർക്കാരിന്റെ പരിഗണനയിലാണ്. ഗ്രാന്റ് നൽകുന്നതിന് തടസ്സങ്ങൾ നിലവിലുണ്ട്. 2012-13 ലെ അവസാന ഗഡു ഗ്രാന്റ്, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായാണ് നൽകിയിരുന്നത്.

എ) അടുത്ത സാമ്പത്തിക വർഷത്തെ ഫണ്ട് അലോട്ട്മെന്റിന് ഫയൽ അയയ്ക്കുമ്പോൾ ജീവനക്കാരുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളുടെ വിശദ വിവരങ്ങളും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് ഒബ് ജക്ഷനിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ എന്തു നടപടികൾ സ്വീകരിച്ചു എന്നീ വിവരങ്ങൾ

ബി) ഗ്രാന്റ് ഇൻ എയ്ഡ് ആയി റിലീസ് ചെയ്യുന്ന തുക ബാങ്കിൽ പാർക്ക് ചെയ്യാൻ പാടുള്ളതല്ല.

സി) യൂട്ടിലൈസേഷൻ കഴിച്ച് ബാക്കി വരുന്ന തുക ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് സറണ്ടർ ചെയ്തിരിക്കണം.

ഡി) അനുവദിച്ച തുക ഒരിക്കലും വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല.

ഇ) അനുവദിച്ച എല്ലാ തുകകളുടെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സർക്കാരിൽ എത്രയും വേഗം അയയ്ക്കേണ്ടതാണ്.

അവ ഇതുവരെ പാലിച്ചിട്ടില്ല. കൂടാതെ സർക്കാർ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് വ്യക്തമായ മറുപടി ലൈബ്രറി കൗൺസിൽ നൽകിയിട്ടില്ല. ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനം ഗ്രാന്റ് ലഭിക്കാത്തതുമൂലം നിർജ്ജീവമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സർക്കാർ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കിയാൽ താമസംവിനാ ഗ്രാന്റ് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ